## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6010**

**02-04-2018 ൽ മറുപടിക്ക്**

## കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| മറ്റൊരു പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും എന്നാൽ അതേ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് പകരമായി അതേ തുകയിലുള്ള മറ്റൊരു പ്രവൃത്തി കിഫ്ബിയിലേക്ക് നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ വിശദമാക്കാമോ? | 08.08.2016 ലെ സ.ഉ(കൈ) നം. 315/16/ധന, 24-02-2018 ലെ സ.ഉ (കൈ) നം.69/2018/ധന എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവു പ്രകാരം വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ആയതിനാൽ ബഡ്ജറ്റ് വിഹിതമുള്ളതോ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പദ്ധതികളോ പകരമായി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് സാധാരണഗതിയിൽ നിർവാഹമില്ല. എന്നാൽ അത്തരം പദ്ധതികൾ, ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 100 കോടി രൂപയിൽക്കൂടുതൽ പദ്ധതി അടങ്കലുള്ളതാണെങ്കിൽ, അവ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭാ യോഗം പരിഗണിക്കേണ്ടതും പദ്ധതി വിശദാംശങ്ങൾ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി കിഫ്ബിയുടെ ഓൺലൈൻ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ചു വർഷക്കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം തന്നെ 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ തത്കാലം പുതിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാരിന്റെ തീരുമാനം. |

സെക്ഷൻ ഓഫീസർ